# കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്

(1956 -ലെ കമ്പനീസ് ആക്ട് പ്രകാരം രൂപീകൃതം)

CIN:U40100KL2011SGC027424

## ചീഫ് പേഴ്സണൽ ഓഫീസറുടെ കാര്യാലയം

ആറാം നില , വൈദ്യുതി ഭവനം, പട്ടം , തിരുവനന്തപുരം - 695 004, കേരളം

ഫോൺ :+91 471 2514472 2514527 2514455 2514608

ഇ- മെയിൽ :pokseb@gmail.com


നം. പി.എസ്.1 (ബി)/സുരക്ഷാ ക്രമീകരണം/2022 തീയതി: 11/02/2022

# പരിപത്രം

വിഷയം : വൈദ്യുതി ഭവനിലെ SISF സുരക്ഷാ ക്രമീകരണം സംബന്ധിച്ച് –

സൂചന : 1. SISF കമാന്റന്റിന്റെ 31.01.2022 ലെ G1-8506/2021/SISF നമ്പർ കത്ത്
2. B.O.(FTD) No. 109/2022 (DGC/AEEIV/VBTVM/2014) dated 9/2/2022.
3. ചെയർമാൻ & മാനേജിംഗ് ഡയറക്ടറുടെ 09/02/2022 തീയതിയിലെ CMD/106/SISF/2022 നമ്പർ പ്രകാരമുള്ള നോട്ടീസ്.

വൈദ്യുതി വിതരണ കമ്പനികളുടെ സുരക്ഷാ വാർഷിക അവലോകനം ചെയ്ത കേന്ദ്ര-സംസ്ഥാന ആഭ്യന്തര സുരക്ഷാ ഏജൻസികളുടെ ശുപാർശ പ്രകാരവും 300 കോടിയിൽപരം രൂപ ക്രയവിക്രയമുള്ള സംസ്ഥാനസർക്കാർ കമ്പനികളുടെ സുരക്ഷാ ചുമതല SISF ന് കൈമാറിയ തീരുമാനത്തിന്റെയും പശ്ചാത്തലത്തിൽ സംസ്ഥാന വ്യവസായ സുരക്ഷാസേന (SISF) നിർദ്ദിഷ്ട തീയതിയായ 15.02.2022 മുതൽ വൈദ്യുതിബോർഡ് ആസ്ഥാനമായ പട്ടം വൈദ്യുതി ഭവന്റെ സുരക്ഷാ ചുമതല ഏറ്റെടുക്കുന്നതാണ്. ബോർഡിന് അധികച്ചിലവില്ലാത്ത നിലയിൽ പോലീസ് സുരക്ഷാസേനയെ വിന്യസിക്കുന്ന രീതിയിലായിരിക്കും ഈ ക്രമീകരണം. SISF ക്രമീകരിക്കുന്ന സുരക്ഷയുടെ ഭാഗമായി ജീവനക്കാരും, സന്ദർശകരും ബന്ധപ്പെട്ട പ്രത്യേകസുരക്ഷാ നിർദ്ദേശങ്ങൾ കൃത്യമായും പാലിക്കേണ്ടതായിട്ടുണ്ട്.

ഇതിലേക്കായി താഴെപറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു:-

1. പ്രവൃത്തി ദിനങ്ങളിൽ കമ്പനിയിലേക്കുള്ള ജീവനക്കാരുടെയും ഉദ്യോഗസ്ഥരുടെയും പ്രവേശനം 9.00 am മുതൽ 7.00 pm വരെയേ സാധാരണനിലയിൽ അനുവദിക്കുകയുള്ളൂ. ഇതിനു പുറമെ കമ്പനി കെട്ടിടത്തിൽ പ്രവേശിക്കുവാൻ നിയന്ത്രണോദ്യോഗസ്ഥന്റെ (ഡയറക്ടർ/വകുപ്പ മേധാവി) പ്രവേശനാനുമതി വേണ്ടതാണ്.
2. സെക്യൂരിറ്റി പോയിന്റ് കടക്കാൻ ജീവനക്കാർ നിർബന്ധമായും അധികാരപ്പെട്ട ഉദ്യോഗസ്ഥൻ കെ.എസ്.ഇ.ബി. / മാതൃവകുപ്പ് നൽകിയ തിരിച്ചറിയൽ രേഖ കൈവശം കരുതേണ്ടതാണ്. തിരിച്ചറിയൽ രേഖ ഇല്ലാത്തവർ/ നഷ്ടപ്പെട്ടവർ, 2022 ഫെബ്രുവരി 28-നകം നിർബന്ധമായും അത് പുതുക്കി കൈവശം വയ്ക്കേണ്ടതാണ്.

3. SISF അംഗീകരിക്കുന്ന പ്രത്യേക സന്ദർശക പാസ്/ഐ.ഡി, കമ്പനി റിസപ്ഷനിൽ നൽകുന്ന മുറയ്ക്കേ സന്ദർശകരുടെ പ്രവേശനം അനുവദിക്കുകയുള്ളു (ക്രമീകരണം / മാതൃക – എക്സിക്യൂട്ടീവ് എഞ്ചിനീയർ സിവിൽ ഡിവിഷൻ നൽകേണ്ടതാണ്).

4. ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ, കമ്പനി വകുപ്പ് അധ്യക്ഷന്മാർ, ഡയറക്ടർമാർ എന്നിവരുടെ ഓഫീസുകളിൽ മാത്രമായി 01.03.2022 മുതൽ സന്ദർശകരെ 3.00 pm - 6.00 pm വരെ മാത്രമേ അനുവദിക്കുകയുള്ളു. ബന്ധപ്പെട്ട ഡയറക്ടറുടെ അനുമതിയോടെ മാത്രമേ ഇതിനു പുറമേയുള്ള സന്ദർശക പാസ് റിസപ്ഷനിൽ നിന്നും അനുവദിക്കുകയുള്ളൂ. ഡെപ്യൂട്ടി ചീഫ് എൻജിനീയർ/ തത്തുല്യ റാങ്കിൽ താഴെയുള്ള ജീവനക്കാർ 3.00 PM നു മുൻപ് സന്ദർശകരെ തീർത്തും ഒഴിവാക്കേണ്ടതാണ്. അടിയന്തിര ഘട്ടത്തിൽ, രണ്ടാം നിലയിൽ ഉടൻ പ്രത്യേകം ക്രമീകരിക്കുന്ന സന്ദർശക മുറികളിൽ വച്ചു മാത്രം അവർ വ്യക്തിഗത സന്ദർശകരെ കാണേണ്ടതാണ്.

5. SISF ആവശ്യപ്പെടുന്നതനുസരിച്ച്, പുറത്തുനിന്നു കടന്നുവരുന്നവരുടെ ദൃശ്യം മറയ്ക്കുന്ന ആംഗിളുകളിൽ സ്ഥാപിച്ചിട്ടുള്ള പോസ്റ്ററുകൾ, ബാനറുകൾ എന്നിവ, അവ സ്ഥാപിച്ച വ്യക്തികളും, സംഘടനകളും പുനഃക്രമീകരിക്കേണ്ടതുണ്ട്. ഇതിനു SISF കമാൻഡൻറ് പ്രത്യേക നിർദ്ദേശങ്ങൾ 15.02.2022 നു ശേഷം ചീഫ് പേഴ്സണൽ ഓഫീസർ മുഖാന്തിരം ബന്ധപ്പെട്ടവർക്ക് നൽകുന്നതാണ്.

6. മാറ്റിസ്ഥാപിക്കേണ്ട പോസ്റ്റർ/ബാനർ ക്രമീകരിക്കാൻ പ്രസ്തുത സംഘടനകൾക്ക് പ്രത്യേക സ്ഥലം വൈദ്യുതി ഭവനിൽ ചീഫ് പേഴ്സണൽ ഓഫീസർ/എക്സിക്യൂട്ടീവ് എഞ്ചിനീയർ, സിവിൽ ഡിവിഷൻ എന്നിവർ ലഭ്യമാക്കി/പ്രത്യേകം ക്രമീകരിച്ചു നൽകുന്നതാണ്.

7. വൈദ്യുതി ഭവനിൽ പാർക്കുചെയ്യുന്നതിനുള്ള ജീവനക്കാരുടെ സ്വകാര്യ വാഹനങ്ങൾക്കും നിർദ്ദിഷ്ട പാസ്സ് നിർബന്ധമായിരിയ്ക്കും. പാസ്സ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, സിവിൽ ഡിവിഷൻ/വെഹിക്കിൾ മോണിറ്ററിംഗ് സെൽ നൽകണം. പാസ്സില്ലാത്ത വാഹനങ്ങൾക്ക് പാസ്സ് സിവിൽ ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ നൽകുകയും അവ 28.02.2022 നകം വാഹനങ്ങളിൽ പതിക്കുകയും ചെയ്യേണ്ടതാണ്. 01.03.2022 മുതൽ പാസ്സ് പ്രദർശിപ്പിക്കാത്ത വാഹനങ്ങൾ യാതൊരു കാരണവശാലും വൈദ്യുതി ഭവനിൽ പ്രവേശിപ്പിക്കുന്നതല്ല .

8. കെ.എസ്.ഇ.ബി. യിലെ അംഗീകൃത സംഘടനകൾക്ക് സ്ഥിരം പാസ്സ് സംവിധാനം ചീഫ് പേഴ്സണൽ ഓഫീസർ പ്രത്യേകം നൽകുന്നതാണ്.

മേൽ നിർദ്ദേശങ്ങൾ എല്ലാ ജീവനക്കാരും കർശനമായി പാലിക്കേണ്ടതാണ്.

ചെയർമാൻ & മാനേജിംഗ് ഡയറക്ടറുടെ ആജ്ഞാനുസരണം

**ചീഫ് പേഴ്സണൽ ഓഫീസർ**

11/02 11/02

പകർപ്പ് :-

എല്ലാ ചീഫ് എഞ്ചിനീയർമാർക്കും/ ഫിനാൻഷ്യൽ അഡ്വൈസർ / ചീഫ് ഇന്റേണൽ ഓഡിറ്റർ ലീഗൽ അഡ്വൈസർ & ഡിസിപ്ലിനറി എൻക്വയറി ഓഫീസർ/ ചീഫ് വിജിലൻസ് ഓഫീസർ/ കമ്പനി സെക്രട്ടറി ഇൻ ചാർജ്ജ് /എല്ലാ ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർമാർക്കും / ടി. എ ടു ചെയർമാൻ & മാനേജിംഗ് ഡയറക്ടർ/ ടി. എ ടു ഡയറക്ടർ (ഡിസ്ട്രിബ്യൂഷൻ, & ഐ.റ്റി) ടി. എ ടു ഡയറക്ടർ (ട്രാൻസ്മിഷൻ, എസ്.ഒ,)/ ടി. എ ടു ഡയറക്ടർ (പ്ലാനിംഗ്, സേഫ്റ്റി & എസ്.സി.എം) ടി. എ ടു ഡയറക്ടർ {ജനറേഷൻ & ഇലക്ട്രിക്കൽ} ടി. എ ടു ഡയറക്ടർ {ജനറേഷൻ (സിവിൽ)/ ടി. എ ടു ഡയറക്ടർ {റീസ്, സൗര, സ്പോർട്സ് & വെൽഫയർ} എല്ലാ എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്കും/ ചീഫ് പബ്ലിക് റിലേഷൻ ഓഫീസർ /ഡെപ്യൂട്ടി സെക്രട്ടറി (അഡ്മിനിസ്ട്രേഷൻ) പി. എ ടു ഡയറക്ടർ (ഫിനാൻസ്) /എല്ലാ റീജിയണൽ ഓഡിറ്റ് ഓഫീസർമാർക്കും/സി. എ ടു സെക്രട്ടറി (അഡ്മിനിസ്ട്രേഷൻ)/ ഫെയർ കോപ്പി സൂപ്രണ്ട് / റിക്കോർഡ് സെക്ഷൻ / ലൈബ്രറി/സ്റ്റോക്ക് ഫയൽ.